"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ടെക്നിക്കൽ അസിസ്റ്റന്റ്മാരുടെ കരാർ ദീർഘിപ്പിക്കൽ/ പിരിച്ചുവിടൽ / അവസാനിപ്പിക്കൽ എന്നീ കാര്യങ്ങളിൽ തീരുമാനെടുക്കുന്നത് - ജില്ലാതലത്തിലുള്ള അപ്രൈസൽ കമ്മിറ്റി - ഭേദഗതി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയം ഭരണ (ഐബി)വകുപ്പ്**

സ.ഉ.(സാധാ) നം.1282/2023/LSGD തീയതി,തിരുവനന്തപുരം, 20-06-2023

---

പരാമർശം:- 1. സ. ഉ (സാധാ ) നം. 2518/2022/ത.സ്വ.ഭ.വ തീയതി 18/10/2022

2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 20/04/2023-ലെ LSGD/PD/14536/2023/DEF3 നമ്പർ കത്ത്

**ഉത്തരവ്**

സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി മേൽ പരാമർശിച്ച സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചുനൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരം ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിക്കൽ / പിരിച്ചുവിടൽ അവസാനിപ്പിക്കൽ എന്നീ കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി ഒരോ ജില്ലയിലെയും പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടർ ചെയർമാനായും അതത് ജില്ലകളിലെ പഞ്ചായത്ത് ഡയറക്ടർ നോമിനേറ്റ് ചെയ്യുന്ന രണ്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, രണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, ഇൻഫർമേഷൻ കേരള മിഷന്റെ ജില്ലാകോർഡിനേറ്റർ എന്നിവർ അംഗങ്ങളായും അപ്രൈസൽകമ്മിറ്റി രൂപീകരിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

2. നിലവിൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകരിച്ചതിന്റെ ഭാഗമായി ജില്ലാ ഓഫീസുകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ന പേരിൽ തസ്തിക നിലവിവിലില്ലാത്തതിനാൽ ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിക്കൽ / പിരിച്ചുവിടൽ / അവസാനിപ്പിക്കൽ എന്നീകാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി അപ്രൈസൽ കമ്മിറ്റിചേർന്ന് തീരുമാനം കൈക്കൊള്ളുന്നതിന് സാധിക്കാത്ത സാഹചര്യമാണുള്ളതെന്നും ആയതിനാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ജില്ലാ ഓഫീസ് മേധാവിയായ ജില്ലാ ജോയിന്റ് ഡയറക്ടറെ അപ്രൈസൽ കമ്മിറ്റിയുടെ ചെയർമാനായി നിശ്ചയിച്ച് പരാമർശ സർക്കാർ ഉത്തരവ് ഭേദഗതി വരുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും പരാമർശം (2) പ്രകാരം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ

ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തദ്ദേശ സ്വയം ഭരണ വകുപ്പ് ഏകീകരിച്ചതിന്റെ ഭാഗമായി ജില്ലാ ഓഫീസുകളിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്ന പേരിൽ തസ്തിക നിലവിലില്ലാത്ത സാഹചര്യത്തിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ കരാറടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന ടെക്നിക്കൽ അസിസ്റ്റന്റുമാരുടെ കരാർ കാലാവധി ദീർഘിപ്പിക്കൽ / പിരിച്ചുവിടൽ അവസാനിപ്പിക്കൽ എന്നീകാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനായി പരാമർശം (1) പ്രകാരം രൂപീകരിച്ചിട്ടുള്ള അപ്രൈസൽ കമ്മിറ്റി ചെയർമാനായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് പകരം ജില്ലാ ഓഫീസ് മേധാവിയായ ജില്ലാ ജോയിന്റ് ഡയറക്ടറെ നിയോഗിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. മേൽ ഭേദഗതിയോടെ പരാമർശം (1) സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡീഷണൽ സെക്രട്ടറി

പ്രസിഡന്റ് /ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റ് ഓർഗനൈസേഷൻ സംസ്ഥാനകമ്മിറ്റി (ഇ-മെയിൽ kgptao@gmail.com മുഖേന)
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(റൂറൽ), തദ്ദേശ സ്വയംഭരണ വകുപ്പ്
ഡയറക്ടർ(അർബൻ), തദ്ദേശ സ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ&എക്സിക്യൂട്ടീവ് ഡയറക്ടർ(i/c) ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Geetha.t.s
സെക്ഷൻ ഓഫീസർ
Date: 21-08-2023 16:49:25

പകർപ്പ്- ബഹു. തദ്ദേശ സ്വയം ഭരണവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്